# പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട** **18.08.2017-ന് മറുപടിയ്ക്ക്**

**നിയമസഭാ ചോദ്യം നം. *261**

## സ്കൂളുകളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിന് പദ്ധതി

**ചോദ്യം**

ശ്രീ.അനിൽ അക്കര
„ റോജി എം. ജോൺ
„ വി.ടി.ബൽറാം
„ കെ.സി.ജോസഫ്

**മറുപടി**

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) ആയിരം കുട്ടികളിൽ കൂടുതൽ പഠിക്കുന്ന സർക്കാർ സ്കൂളുകളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്ന പദ്ധതി പ്രകാരം ഇതിനകം എത്ര സ്കൂളുകൾക്ക് സഹായം അനുവദിച്ചു; | (എ) 'പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം' പദ്ധതിയുടെ ഭാഗമായി 1000 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന സർക്കാർ സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിലേക്കായി വിവിധ സ്കൂളുകളുടെ മാസ്റ്റർ പ്ലാനും വിശദമായ പ്രോജക്ട് റിപ്പോർട്ടും തയ്യാറാക്കി വരുന്നു. ആയതിന് 'കിഫ്ബി'യുടെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ധനസഹായം അനുവദിക്കുന്നതാണ്. |
| (ബി) എന്തൊക്കെ ഭൗതിക സൗകര്യങ്ങളാണ് പ്രസ്തുത സ്കൂളുകളിൽ ഏർപ്പെടുത്തുന്നത്; | (ബി) ഓരോ സ്കൂളും സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ ഭൂമിശാസ്ത്രപരമായ കിടപ്പുകൂടി പരിഗണിച്ചുകൊണ്ട് തയ്യാറാക്കുന്ന ശാസ്ത്രീയമായ മാസ്റ്റർ പ്ലാനിന്റെയും വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ആവശ്യകതയ്ക്ക് അനുസരിച്ച് കെട്ടിടങ്ങളുടെ നവീകരണം/നിർമ്മാണം, ലബോറട്ടറി/ലൈബ്രറി കെട്ടിടങ്ങളുടെ നവീകരണം/നിർമ്മാണം, കായിക വിദ്യാഭ്യാസത്തിന് ഊന്നൽ നൽകുന്നതിനായി കളിസ്ഥലത്തിന്റെ ലഭ്യത ഉറപ്പുവരുത്തിക്കൊണ്ടുള്ള നിർമ്മാണ |

പ്രവർത്തനങ്ങൾ, പഠനം കൂടുതൽ അനുഭവവേദ്യമാക്കുന്നതിലേക്കായി ഡിജിറ്റൽ ക്ലാസ് മുറികൾ സ്ഥാപിക്കുന്നതിനുള്ള സൗകര്യമൊരുക്കുക, ശുചിമുറികൾ തുടങ്ങിയ ഭൗതിക സാഹചര്യങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്.

(സി) ഇരുന്നൂറ് വർഷം പിന്നിട്ട ഏഴ് പൈതൃക സ്കൂളുകൾക്ക് എന്തൊക്കെ പ്രത്യേക പരിഗണനകളാണ് നൽകുവാൻ ഉദ്ദേശിക്കുന്നത്;

(സി) 200 വർഷം പിന്നിട്ട 7 പൈതൃക സ്കൂളുകൾക്ക് പ്രസ്തുത സ്കൂളുകളുടെ പൈതൃക സ്വഭാവം നിലനിർത്തിക്കൊണ്ടുതന്നെ ഓരോ സ്കൂളും സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ ഭൂമിശാസ്ത്രപരമായ കിടപ്പുകൂടി പരിഗണിച്ചുകൊണ്ട് ആവശ്യകത മുൻനിർത്തി തയ്യാറാക്കുന്ന ശാസ്ത്രീയമായ മാസ്റ്റർ പ്ലാനിന്റെയും വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിവിധ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) കിഫ്ബിയിൽ നിന്നും ഈ പദ്ധതിക്ക് ഇതിനകം എന്തുതുക ലഭിച്ചു എന്ന് വെളിപ്പെടുത്തുമോ?

(ഡി) ടി പദ്ധതിക്കായി നിലവിൽ 'കിഫ്ബി'യിൽ നിന്നും തുകയൊന്നും അനുവദിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ